**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3515.** **19.10.2016 ന് മറുപടിയ്ക്ക്**

**'സുബോധം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിക്കെതിരെയുള്ള ബോധവൽക്കരണം ലക്ഷ്യമിട്ട് പ്രവർത്തിച്ചുവരുന്ന 'സുബോധം' പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആണ് സുബോധം പദ്ധതി പ്രധാനമായും ഊന്നൽ നല്കിയ ഘടകം. |
| (സി) | ഉദ്ദേശ്യലക്ഷ്യത്തിനനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പദ്ധതിക്ക് കഴിയാതെ വന്നിട്ടുണ്ടോ; | (സി) | സുബോധം പദ്ധതി ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിച്ചതായി കരുതുന്നില്ല. |
| (ഡി) | എങ്കിൽ പദ്ധതിയെ പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനുദ്ദേശിയ്ക്കുന്നുവെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സുബോധം പദ്ധതിയെ പ്രവർത്തന സജ്ജമാക്കുന്ന നടപടികൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. മറിച്ച് മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് 06.10.2016 തീയതിയിലെ ജി.ഒ.(എം.എസ്) നം.94/2016/നി.വ. ഉത്തരവ് പ്രകാരം പുതിയതായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- "വിമുക്തി"ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജനങ്ങളുടെയും, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥിയുവജന മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ബോധവൽക്കരണ മിഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**